നം.കെ.എസ്.എ.ഐഡി.കെ-10/1075/2017

കേരളസംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*
തീയതി. 02.08.2017

# ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*******************************

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.01.2017 മുതൽ 15.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.07.2017 മുതൽ 21.07.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ. എം. യു. സണ്ണി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. കെ. അഭിലാഷ് | സീനി. ഗ്രേ. ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷീബ രാജശേഖരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. പി. കെ. ഓമനക്കുട്ടൻ | 01.04.2016 മുതൽ 16.12.2016 വരെ |
| | ശ്രീ. എ. ആർ. ബെന്നി | 17.12.2016 മുതൽ 22.01.2017 വരെ |
| | ശ്രീ. സജി തോമസ് (സെക്രട്ടറി)<br>കുടയത്തൂർ ഗ്രാമപഞ്ചായത്ത് അധികച്ചുമതല) | 23.01.2017 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സിജി ആന്റണി | 01.04.16 മുതൽ 26.08.16 വരെ |
| | ശ്രീ. മാർട്ടിൻ തോമസ് | 27.08.16 മുതൽ 30.09.16 വരെ |
| | ശ്രീമതി. അശ്വതി ദേവ് | 01.10.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജെറിഷ് എം. | 01.04.16 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| | | |
| അസി. എഞ്ചിനീയർ | ശ്രീമതി. ബുഷറ കെ. | 01.04.16 മുതൽ 31.08.16 വരെ |
| | ശ്രീ. യേശുദാസ് എക്സ്. | 01.09.16 മുതൽ 17.11.16 വരെ |
| | ശ്രീ. സുദീപ് എ. എസ്. | 18.11.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. | ശ്രീമതി. സരിത ഇബ്രാഹിം | 01.04.16 മുതൽ 11.01.17 വരെ |
| | ശ്രീ. ശരത് സി. എം. | 12.01.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ചിത്ര | 01.04.16 മുതൽ 21.01.17 വരെ |
| | ഡോ. ഹേമ തിലക് | 22.01.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ബിനോജ് കെ. ജോസ് | 01.04.16 മുതൽ 31.08.16 വരെ |
| | ഡോ. നിഷാമോൾ എം. | 01.09.16 മുതൽ 31.03.17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഷാമോൻ ലൂക്ക് | 01.04.16 മുതൽ 28.09.16 വരെ |
| | ശ്രീമതി. വിജയ വി. റ്റി. സീനിയർ അസിസ്റ്റന്റ് | 29.09.16 മുതൽ 19.10.16 വരെ |
| | ശ്രീ. കെ. വി. ജോസഫ് | 20.09.16 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. കാതറിൻ സാറാ ജോർജ് | 01.04.16 മുതൽ 28.02.17 വരെ |
| | ശ്രീമതി. ജാസ്മിൻ സി. എ. | 01.03.17 മുതൽ 31.03.17വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ജാനറ്റ് എം. സേവ്യർ | 01.04.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ. മിഥുൻ കെ. എക്സ്. | 01.04.16 മുതൽ 31.03.17വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 – പൊതുഅവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം(എ.സി.ആർ. പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ |
| | | ഭാഗം 2 |
| 13 | 2-1 | വസ്തുനികുതി പിരിവിൽ ഉദാസീനത – വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു |
| 14 | 2-2 | ന്യൂന പണം ഒടുക്ക് |
| 15 | 2-3 | കളക്ഷൻ തുകയിലും കൂടുതൽ/കുറവ് ഒടുക്കിയത് |

| | | |
|---|---|---|
| 16 | 2-4 | ചെക്ക് തുകകൾ വരവ് വെച്ചത് |
| 17 | 2-5 | ഡിമാന്റ് തുകകളിലെ വ്യത്യാസം |
| 18 | 2-6 | ലേലം നടത്താത്തത് |
| | | ഭാഗം 3 |
| 19 | 3-1 | ഗ്രാമപഞ്ചായത്തിലേയ്ക്കും അനുബന്ധ സ്ഥാപനങ്ങളിലേക്കും ഫർണീച്ചറുകൾ വാങ്ങൽ – സ്റ്റോർ പർച്ചേസ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല |
| 20 | 3-2 | അർഹതയില്ലാത്തവർക്ക് ലാപ് ടോപ്പ് വിതരണം നടത്തി ₹49,900/-ന്റെ ചെലവ് അംഗീകരിക്കുന്നില്ല |
| 21 | 3-3 | ആശ്രയ പദ്ധതി – ഭൂമി കൈമാറ്റരഹിത കരാർ രജിസ്റ്റർ ചെയ്തിട്ടില്ല. ചെലവ് തടസ്സം ₹2,25,000/- |
| 22 | 3-4 | വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ – പൂർത്തീകരണ വിവരം ലഭ്യമല്ല |
| 23 | 3-5 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 24 | 3-6 | ആശ്രയ പദ്ധതിയിൽ തുക ചെലവഴിക്കുന്നില്ല |
| 25 | 3-7 | അവശ്യ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല – ചെലവ് തടസ്സം – ₹16,95,000/- |
| 26 | 3-8 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 27 | 3-9 | എസ്.എസ്.എ. – തുക ചെലവഴിച്ചത് വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നില്ല |
| 28 | 3-10 | ഇ.എം.എസ്. – ഭവന പദ്ധതി |
| 29 | 3-11 | തെരുവ് വിളക്കുകൾ – സംബന്ധിച്ച് |
| 30 | 3-12 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല |

| | | |
|---|---|---|
| 31 | 3-13 | വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് |
| | | ഭാഗം 4 |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 35 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 36 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 37 | 4-6 | ഓഡിറ്റ് റിക്കവറി |
| 38 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 39 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 40 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 41 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |

*****************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.2016 തീയതിയിലെ തീരുമാന നമ്പർ 3 പ്രകാരം അംഗീകരിച്ചു. 28.03.2017ലെ (1)-ാം നമ്പർ തീരുമാന പ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചതിനൊപ്പം 2016-17ലെ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | വരവ് ₹ | ചെലവ് ₹ |
|---|---|---|
| ബജറ്റ് പ്രകാരം | 11,31,80,000 | 11,31,95,400 |
| പരിഷ്കരിച്ച ബജറ്റ് പ്രകാരം | 10,93,91,112 | 10,31,95,400 |
| വാർഷിക കണക്ക് പ്രകാരം | 5,29,81,723 | 4,83,37,848 |

യഥാർത്ഥ വരവ് ചെലവ് തുകകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15.05.2017 | 09.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,99,38,172 |
| വരവ് | ₹5,29,81,723 |
| ആകെ | ₹7,29,19,895 |
| ചെലവ് | ₹4,83,37,848 |
| നീക്കിയിരിപ്പ് | ₹2,45,82,047 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,07,13,617 | 97,76,560 | 91.25 |
| വികസനഫണ്ട് എസ്.സി.പി. | 20,61,933 | 15,77,400 | 76.50 |
| വികസനഫണ്ട് ടി.എസ്.പി. | 1,36,40,595 | 96,92,372 | 71.06 |
| സംരക്ഷണഗ്രാന്റ് റോഡ് | 31,27,371 | 30,98,788 | 99.08 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 28,31,151 | 21,69,541 | 76.63 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 60,08,374 | 32,97,681 | 54.88 |
| പെർഫോമൻസ് ഗ്രാന്റ് | 13,77,553 | 9,200 | 0.6 |
| എം.എൻ.ആർ.ഇ.ജി.എസ്. (മുന്നിരിപ്പ് ഉൾപ്പെടെ) | 2,00,47,243 | 2,00,43,533 | 99.98 |
| ബി-ഫണ്ട് | 2,50,94,110 | 2,50,94,110 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 43127696 | 124 | 26910544 | 14 | 43 | 68.51 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

– ഇല്ല –

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പരമാവധി ശ്രദ്ധ ചെലുത്തേണ്ടതാണ്. ലോകബാങ്ക് സഹായമിനത്തിൽ ലഭിച്ച തുകയുടെ 0.6% മാത്രമേ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുള്ളുവെന്നത് ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്. 2016-17 വർഷത്തെ പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിൽ ഓഡിറ്റ് വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 67.98 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 21,29,348 | 42,51,995 | 21,22,647 | 99.68 |
| നികുതിയേതര വരവുകൾ | 2,85,711 | 3,77,182 | 91,471 | 32.02 |
| മറ്റ് വരവുകൾ | 3,76,520 | 23,165 | (-)3,53,355 | (-)93.84 |
| ആകെ | 27,91,579 | 46,52,342 | 18,60,763 | 66.65 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 209640 | 130 |
| കർഷക തൊഴിലാളി പെൻഷൻ | 1322360 | 149 |
| വിധവാപെൻഷൻ | 5663720 | 511 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 14931750 | 1345 |
| വികലാംഗ പെൻഷൻ | 2589840 | 227 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 376800 | 36 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,315/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് യഥാവിധി സൂക്ഷിക്കുന്നില്ല. ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങൾ നടക്കുന്നതിനാൽ ഗ്രാമസഭ/ഊരുകൂട്ട മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.2017& 20.06.2017 | 5/17 | 04.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2007 മുതൽ 30.03.2007വരെ | 2003-04 | 28.06.2007 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2. വസ്തുനികുതി, നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി, സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. 2015-16 ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-1) എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ ₹1,00,17,551.65 ആണ്. 2016-17 ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-1)ൽ പ്രാരംഭ ബാക്കിയായി എടുത്തിരിക്കുന്നത് ₹1,00,52,235.65 ആണ്.

4. 2015-16ൽ ഓഡിറ്റ് ചെയ്ത ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് സർപ്ലസ്സ് തുകയിൽ ₹34,800/-യുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

*********************

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവിൽ ഉദാസീനത - വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് ₹21,03,460/-യാണ്. നാളിതുവരെ പഞ്ചായത്ത് പരിധിയിൽപ്പെട്ട മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാൻറ് ചെയ്തിട്ടില്ല. വസ്തുനികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കൃത്യമായ രേഖകളുടെയും ഫീൽഡ് പ്രവർത്തനങ്ങളുടെയും അഭാവം വൻതുക തനത് വരുമാനത്തിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ന്യൂനപണം ഒടുക്ക്

ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി കൃഷി ഓഫീസർക്ക് നല്കിയ രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. രസീത് ബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. നല്കുന്ന എല്ലാ രസീതുകളിലും തീയതി രേഖപ്പെടുത്തുന്നില്ല. താഴെ പറയുന്ന രസീതുകൾ പ്രകാരം ഈടാക്കിയ തുകയിൽ ₹1,500/- ഇതുവരെയും പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| രസീത് | ഈടാക്കിയ തുക ₹ | പഞ്ചായത്തിൽ ഒടുക്കിയ തുക & രസീത് നം. | കുറവ് വന്ന തുക ₹ |
|---|---|---|---|
| 49/4380 മുതൽ 100/4380 വരെ | 15252 | | |
| 1/4383 മുതൽ 100/4383 വരെ | 30476 | 11601102309/15.03.2017- ₹34,040/- | |
| 1/4384 മുതൽ 45/4384 വരെ | 13536 | 11601102272/14.03.2017- ₹23,724/- | |
| ആകെ | 59264 | 57764 | 1500 |

തുക ₹1,500/- പഞ്ചായത്തിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കളക്ഷൻ തുകയിലും കൂടുതൽ/കുറവ് ഒടുക്കിയത്

താഴെ പറയുന്ന ദിവസങ്ങളിലെ ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുകയല്ല തൊട്ടടുത്ത ദിവസം ബാങ്കിൽ ഒടുക്കിയിട്ടുള്ളത്.

വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തീയതി | ഡേ ബുക്ക് പ്രകാരമുള്ള തുക ₹ | ബാങ്കിൽ ഒടുക്കിയ തുകയും തീയതിയും | കുറവ്/കൂടുതൽ ₹ |
|---|---|---|---|---|
| 1 | 01.03.2017 | 810 | (തീ.02.03.17) ₹30,038 | 29,228 |
| 2 | 02.03.2017 | 20,200 | (തീ.03.03.17) ₹48,314 | 28,114 |
| 3 | 03.03.2017 | 78,70 | (തീ.04.03.17) ₹28,225 | 20,355 |

| | | | | |
|---|---|---|---|---|
| 4 | 04.03.2017 | 94,536 | (തീ.05.03.17) ₹6,329 | (-)88,207 |
| 5 | 28.02.2017 | 66,410 | (തീ.06.03.17) ₹76,922 | 10,512 |

കളക്ഷൻ തുകയിലും കുറവ്/കൂടുതൽ തുക ഒടുക്കിയതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.12ന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല. കളക്ഷൻ തുകകൾ കൃത്യമായി തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. തുകകൾ കൈവശം സൂക്ഷിച്ചതിന് വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 2-4 ചെക്ക് തുകകൾ വരവ് വച്ചത്

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ലഭിച്ച താഴെ പറയുന്ന തുകകൾ പാസ്ബുക്കിൽ വരവ് വച്ചതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ആരിൽ നിന്നും ലഭിച്ച | ഇനം | തുക ₹ | രസീത് നം & തിയതി |
|---|---|---|---|
| പി.എച്ച്.സി., പൂമാല | പകർച്ച വ്യാധി നിയന്ത്രണം | 43036 | 11603050001/31.03.2017 |
| പഞ്ചായത്ത് ഡയറക്ടർ | RGPSA ഫണ്ട് | 300000 | 117010500002/14.06.2017 |
| ശുചിത്വ മിഷൻ | മഴക്കാല പൂർവ്വ ശുചീകരണം | 74350 | 117010400002/17.06.2017 |

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 2-5 ഡിമാന്റ് തുകകളിലെ വ്യത്യാസം

2015-16 വർഷത്തെ ഡി.സി.ബി. പ്രകാരം ബിൽഡിംഗ്, ലീസ് ഓഫ് ലാന്റ് എന്നീയിനങ്ങളിൽ യഥാക്രമം ₹15,828/-, ₹7,560/- എന്നിങ്ങനെ കുടിശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2016-17 വർഷത്തെ കുടിശ്ശിക ഡിമാന്റായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് യഥാക്രമം ₹20,494/-, ₹2,215/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-6 ലേലം നടത്താത്തത്

നാളിയാനി ആയുർവേദ ആശുപത്രിയുടെ പൊളിച്ചുമാറ്റിയ സാധനങ്ങളുടെ ലേലം നടത്തിയിട്ടില്ല. ലേലം

യഥാസമയം നടത്തിയില്ലായെങ്കിൽ കാലപ്പഴക്കത്താൽ മൂല്യം കുറഞ്ഞു പോകാനിടയുണ്ട്. ലേലം നടത്തി പഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

************************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമപഞ്ചായത്തിലേയ്ക്കും അനുബന്ധ സ്ഥാപനങ്ങളിലേക്കും ഫർണീച്ചറുകൾ വാങ്ങൽ - സ്റ്റോർ പർച്ചേസ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിലേയ്ക്കും അനുബന്ധ സ്ഥാപനങ്ങളിലേക്കും ഫർണീച്ചറുകൾ വാങ്ങൽ-സ്റ്റോർ പർച്ചേസ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

പദ്ധതികൾക്ക് വേണ്ടി ഫർണീച്ചറുകളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോർ പർച്ചേസ് നിയമത്തിലേയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 08.11.2010 ലെ ജി.ഒ.(പി)259/10 നമ്പർ ഉത്തരവിലേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

വാങ്ങൽ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് & പദ്ധതി നം | പദ്ധതി അടങ്കൽ | ടെണ്ടർ തീയതി | ടെണ്ടർ ലഭിക്കേണ്ടിയിരുന്ന അവസാന തീയതി | ബിൽ നം. & തീയതി | ചെലവ് തുക ₹ | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|---|---|---|
| കാഞ്ഞാർ കമ്മ്യൂണിറ്റി ഹാളിനും പഞ്ചായത്ത് മിനി ഓഡിറ്റോറിയ ത്തിനും ഫർണീച്ചർ വാങ്ങൽ(206/17) | 120000 | 09.03.17 | 17.03.17 | 48/30.03.17 | 119970 | പ്ലാസ്റ്റിക് കസേര 200 എണ്ണം |
| മെമ്പർമാരുടെ വിശ്രമ | 74975 | 09.03.17 | 17.03.17 | 50/30.03.17 | 72919 | സ്റ്റീൽ ചെയർ 14, |

| പദ്ധതിയുടെ പേര് & പദ്ധതി നം | പദ്ധതി അടങ്കൽ | ടെണ്ടർ തീയതി | ടെണ്ടർ ലഭിക്കേണ്ടിയിരുന്ന അവസാന തീയതി | ബിൽ നം. & തീയതി | ചെലവ് തുക ₹ | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|---|---|---|
| മുറിയിലേക്ക് ഫർണീച്ചർ വാങ്ങൽ(209/17) | | | | | | മേശ 1 |
| തെരുവ് വിളക്ക് സ്ഥാപിക്കൽ | 290020 | 20.03.17 | 27.03.17 | 51/30.03.17 | 289560 | LED തെരുവ് വിളക്ക് 127 |
| | | | | ആകെ | 482449 | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ടെണ്ടർ സമർപ്പണത്തിന് മതിയായ സമയം അനുവദിച്ചില്ല

₹1,00,000/-യിൽ കൂടുതൽ മതിപ്പ് വിലയുള്ള പർച്ചേസുകൾക്ക് ടെണ്ടർ ഫോറത്തിന്റെ വില്പനയ്ക്കും സമർപ്പണത്തിനുമായി പരസ്യ തീയതി മുതൽ 21 ദിവസം അനുവദിക്കണമെന്ന് 08.11.10ലെ ജി.ഒ.(പി)259/2010 പ്രകാരമുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതികളിൽ ടെണ്ടർ സമർപ്പണത്തിന് പരസ്യ തീയതി മുതൽ 8 ദിവസം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ടെണ്ടർ സമർപ്പണത്തിന് മതിയായ സമയം അനുവദിക്കാതിരുന്നതുമൂലം മത്സരാധിഷ്ഠിത സ്വഭാവമുള്ള ടെണ്ടറുകൾ ഉറപ്പ് വരുത്തുവാൻ കഴിഞ്ഞില്ല.

2. ടെണ്ടർ നോട്ടീസിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടെ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിലേയ്ക്ക് വാങ്ങുവാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ, വിവരണം, അളവ് മുതലായ വിവരങ്ങൾ ടെണ്ടർ നോട്ടീസിൽ കൃത്യമായി ഉൾപ്പെടുത്തണമെന്ന് 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.34ൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മതിയായ വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് ടെണ്ടർ പരസ്യം ചെയ്തിട്ടുള്ളത്.

3. ഫർണീച്ചറുകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലാത്ത ടെണ്ടറുകൾ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു

പദ്ധതി നം.206/17, 209/17 എന്നിവയ്ക്ക് വേണ്ടി കൊച്ചാപ്പിള്ളിൽ ഇൻഡസ്ട്രീസ്, അറക്കുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് പഞ്ചായത്ത് കമ്മിറ്റി 18.03.17ലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളത്. ടെണ്ടർ വിജയിയായ സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ ഫർണീച്ചറുകളുടെ വിവരണം,

സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. നിശ്ചിത ഫോറത്തിലല്ലാത്തതും മതിയായ വിവരങ്ങൾ രേഖപ്പെടുത്താത്തതുമായ ടെണ്ടറുകൾ നിരസിക്കണമെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.7ൽ വ്യക്തമാക്കിയിട്ടുണ്ട്.

4. ടെണ്ടർ വിജയിയായ സ്ഥാപനത്തിന്റെ കാഷ് ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയില്ല.

മെമ്പർമാരുടെ വിശ്രമ മുറിയിലേക്ക് സ്റ്റീൽ ആം ചെയർ നല്കുന്നതായിട്ടാണ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുള്ളത് പ്ലാസ്റ്റിക് വള്ളി കൊണ്ട് കെട്ടിയ ഗുണ നിലവാരം കുറഞ്ഞ കസേരകളാണ്. കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് കൈപ്പിടിയുള്ള പ്ലാസ്റ്റിക് കസേരകൾക്ക് പകരം കൈപ്പിടിയില്ലാത്ത കസേരകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഐ.എസ്.ഐ. സർട്ടിഫിക്കേഷൻ, അഗ്മാർക്ക് എന്നിവയുള്ള ഉല്പന്നങ്ങൾക്ക് മുൻഗണന നല്കേണ്ടതായിരുന്നെങ്കിലും ഫർണീച്ചറുകളുടേയും ഉപകരണങ്ങളുടേയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി യാതൊരുനടപടികളും സ്വീകരിച്ചിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ മൂലം ₹4,82,449/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ആശ്രയ പദ്ധതി - ഭൂമി കൈമാറ്റരഹിത കരാർ രജിസ്റ്റർ ചെയ്തിട്ടില്ല - ചെലവ് തടസ്സം **₹2,25,000/-**

ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി. ഷൈല ചാക്കോ, തറക്കണ്ടത്തിൽ എന്ന ഗുണഭോക്താവിന് ₹2,00,000/- (ചെക്ക് നം. 012811, തീ.29.03.2017) ചെലവഴിച്ച് ആലക്കോട് വില്ലേജിൽ 1.21 ആർ. സ്ഥലം വാങ്ങി നൽകിയിട്ടുണ്ട് (തീറാധാരം നം:302/2017തൊടുപുഴ സബ് രജിസ്റ്റർ ഓഫീസ്). ഗുണഭോക്താവിന് വീട് നിർമ്മാണത്തിനായി ആശ്രയ പദ്ധതിയിൽ നിന്നുതന്നെ ₹25,000/- ( ചെക്ക് നം. 012813, തീ. 30.03.2017)യും നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന ധനസഹായം ഉപയോഗിച്ച് ഗുണഭോക്താക്കൾ ഭൂമി വാങ്ങുമ്പോൾ ഭൂമിയുടെ കൈവശാവകാശം മാത്രമേ ഉള്ളുവെന്നും ഉടമസ്ഥത 12 വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുമെന്നും പ്രസ്തുത കാലാവധി കഴിയുമ്പോൾ മാത്രമാണ് ഉടമസ്ഥാവകാശം ലഭിക്കുന്നതെന്നും ആധാരത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2009ലെ 78573/ഡി.സി-1/08 നമ്പരായുള്ള സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയപ്പോൾ മേൽ പരാമർശിത സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ല

എന്ന് കാണുന്നു. ആയതിനാൽ സ്ഥലം വാങ്ങുന്നതിനും നിർമ്മാണ പ്രവൃത്തിക്കായുമുള്ള ₹2,25,000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കൾ വീടും സ്ഥലവും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയില്ല എന്ന് സെക്രട്ടറിയുടെ പേരിൽ കരാർ വെച്ച് രജിസ്റ്റർ ചെയ്യണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.04.2014ലെ സ.ഉ (സാധാ.)1050/2014 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗുണഭോക്താവുമായി കരാർ ചമച്ച് രജിസ്റ്റർ ചെയ്ത് (മുദ്രപത്ര ചെലവും രജിസ്ട്രേഷൻ ചെലവും തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്) ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഭൂമി വാങ്ങൽ പദ്ധതികളിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള വ്യക്തമായ വ്യവസ്ഥ ആധാരത്തിൽ എഴുതി ചേർക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ലാത്തതിനാൽ ₹18,32,015/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായിരുന്നു പദ്ധതികളുടെ നിർവ്വഹണ ചുമതല.

| ക്രമ നം. | പദ്ധതിയുടെ പേര്, പദ്ധതി നം | ബിൽ നം./ തീയതി | തുക (₹) | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ(161/17) | 38/23.03.17 | 2,96,800 | KSEB ആലക്കോട് & മൂലമറ്റം സബ് ഡിവിഷൻ |
| 2 | സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ(164/17) | 39/23.03.17 | 11,41,465 | ടി |
| 3 | നെല്ലിയ്ക്കാമലയ്ക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനും ടാങ്ക് സ്ഥാപിക്കലും(174/17) | 15/31.10.16 | 2,75,000 | കേരള വാട്ടർ അതോറിറ്റി, തൊടുപുഴ |
| 4 | കാഞ്ഞാർ നെല്ലിയ്ക്കാമല പൈപ്പ് ലൈൻ എക്സ്റ്റൻഷനും പൊതു ടാപ്പ് സ്ഥാപിക്കലും(212/17) | 41/23.03.17 | 40,000 | കേരള വാട്ടർ അതോറിറ്റി, തൊടുപുഴ |
| 5 | കാഞ്ഞാർ കോളനിയിലേയ്ക്ക് പൈപ്പ് | 14/31.10.16 | 35,000 | കേരള വാട്ടർ അതോറിറ്റി, |

| ക്രമ നം. | പദ്ധതിയുടെ പേര്, പദ്ധതി നം | ബിൽ നം./ തീയതി | തുക (₹) | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ (175/17) | | | തൊടുപുഴ |
| 6 | പൂമാല PHC-യ്ക്ക് കുഴൽ കിണർ (176/17) | 45/26.03.17 | 43,750 | കേരള ഗ്രൗണ്ട് വാട്ടർ അതോരിറ്റി,തൊടുപുഴ |
| | | | 18,32,015 | |

## 3-4 അവശ്യ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല - ചെലവ് തടസ്സം ₹16,95,000/-

| ക്രമ നം. | പദ്ധതി നം. & പദ്ധതി | ബിൽനം./ തീയതി | തുക ₹ | ഡി.ഡി.നം & തീയതി | തുക ലഭിച്ച സ്ഥാപനം | തുക ഒടുക്കിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സ കാരണം |
|---|---|---|---|---|---|---|---|
| 1 | 41/2017 ഐ.എ.വൈ അധിക വിഹിതം (പൊതു വിഭാഗം) | 22/2016-17 തീ.10.02.17 | 1,80,000 | ട്രാൻസ്ഫർ ക്രഡിറ്റ് | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി | ഔദ്യോഗിക രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി യിട്ടില്ല |
| 2 | 58/2017 ഐ.എ.വൈ (പൊതു വിഭാഗം) | 8/2016-17 തീ.24.10.16 | 80,000 | | | | |
| 3 | 211/2017 ഐ.എ.വൈ അധിക വിഹിതം | 8/2016-17 തീ.24.10.16 | 1,90,000 | | | | |
| | | വൗച്ചർ നം 98/03-2017 തീ.23.03.17 | 10,000 | | | | |
| 4 | 186/2017 ഐ.എ.വൈ അധിക വിഹിതം (റ്റി.എസ്.പി) | 26/2016-17 തീ.10.02.17 | 4,45,000 | | | | |
| | | വൗച്ചർ നം 100/03-2017 തീ. 23.03.17 | 5,000 | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 185/2017 ഐ.എ.വൈ അധിക വിഹിതം (എസ്.സി.പി) | 23/2016-17 തീയതി 10.02.2017 | 85,000 | | | | |
| | | വൗച്ചർ നം 99/03-2017 തീ.23.03.17 | 15,000 | | | | |
| 6 | 61/2017 ഐ.എ.വൈ അധിക വിഹിതം (റ്റി.എസ്.പി) | 25/2016-17 തീ.10-02-17 | 2,70,000 | | | | |
| 7 | 60/2017 ഐ.എ.വൈ (എസ്.സി.പി) | 22/2016-17 തീ.10-02-17 | 1,80,000 | | | | |
| 8 | 59/2017 ഐ.എ.വൈ അധിക വിഹിതം (എസ്.സി.പി) | 22/2016-17 തീ.10-02-17 | 1,35,000 | | | | |
| 9 | 33/2017 തെരുവ് നായ്ക്കളുടെ നിയന്ത്രണവും അനുബന്ധ പ്രവർത്തനങ്ങളും | 04/2016-17 തീ.15-03-17 | 1,00,000 | | ജില്ലാ പഞ്ചായത്ത് ഇടുക്കി | വെറ്ററിനറി സർജൻ | |
| ആകെ | | | 1695000 | | | | |

തുക അടവാക്കിയ സ്ഥാപനത്തിൽ നിന്നും ഔദ്യോഗിക രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ₹16,95,000/-യുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ. |
| പദ്ധതി നം. | 110/2017 |

| | |
|---|---|
| | |
| പദ്ധതി | പഠനമുറി (എസ്.റ്റി.പി) |
| അടങ്കൽ | ₹10,00,000/- |
| ബിൽ നം./തുക | 9/2017-18, തീ. 21.03.2017 തുക ₹1,50,000 |
| | 13/2017-18, തീ. 29.03.2017 തുക ₹3,0,000 |

₹1,00,000/- ചെലവഴിച്ച് 10 ഗുണഭോക്താക്കൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് വിഭാവന ചെയ്തിരുന്ന പദ്ധതിയാണ്. ഇത് പ്രകാരം താഴെ പരാമർശിത്തുന്ന ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു നൽകിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക ₹ |
|---|---|---|
| 1 | ശ്രീ. കെ. കെ. പ്രഭാകരൻ, കുളപ്പുറത്ത്, (മകൾ പി. അശ്വിനി ) | 50000 |
| 2 | ശ്രീമതി. റെയിച്ചൽ മത്തായി, പുത്തേട്ട്, (മകൾ ജെസ്സ തങ്കച്ചൻ) | 50000 |
| 3 | ശ്രീമതി. ഒ. കെ. ശാലിനി, ചാഞ്ഞപ്ലാക്കൽ (മകൻ സി.എസ്. അമൽ) | 50000 |
| 4 | ശ്രീ. പി. എസ്. വിക്രമൻ, പുത്തൻപുരയ്ക്കൽ (മകൾ പി.വി. മീന) | 50000 |

വേല പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതിയിൽ തുക ചെലവഴിക്കുന്നില്ല

ആശ്രയ പദ്ധതിക്കായി നൽകുന്ന വികസന ഫണ്ട് കഴിഞ്ഞ മുൻവർഷങ്ങളിൽ നൽകിയ തുക ചെലവ് നടത്താതെ സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. തുകയുടെ വിശദാംശം താഴെ നൽകുന്നു.

| ഇനം | നൽകിയ തുക ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|

| | | | |
|---|---|---|---|
| എസ്. റ്റി. | 400000 | - | 400000 |
| പൊതുവിഭാഗം | 1801000 | 450000 | 1351000 |
| | 220100 | 450000 | 1751000 |

സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ (ഇൻഡ്യൻ ബാങ്ക്, തൊടുപുഴ 843736881) ₹17,51,000/- അവശേഷിക്കുന്നു. ആശ്രയ പോലുള്ള മേഖലകളിൽ പദ്ധതി പണം വിനിയോഗിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് തെറ്റായ നടപടിയാണ്. പദ്ധതി പണം വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ. |
| പദ്ധതി നം. | 54/2017 |
| പദ്ധതി | ഭവന നിർമ്മാണം (എസ്.സി.പി.) |
| അടങ്കൽ | ₹9,00,000/- |

താഴെ പരാമർശിക്കുന്ന രണ്ട് ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് മുൻകൂർ സ്വീകരിച്ചെങ്കിലും വേല പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക ₹ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തങ്കമ്മ കുട്ടി, പറമ്പത്ത് | 2,10,000 | ലിന്റൽ |
| 2 | കുഞ്ഞുമോൻ, മഞ്ചാടിക്കുന്നേൽ | 2,70,000 | മേൽക്കൂര |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 എസ്.എസ്.എ. തുക ചെലവഴിച്ചത് - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നില്ല

| പദ്ധതി നം. & പദ്ധതി | തുക ₹ | ഡി.ഡി നം./തീയതി |
|---|---|---|

| | | |
|---|---|---|
| 115 എസ്.എസ്.എ. വിഹിതം(റ്റി.എസ്.പി) | 288800 | 723781/05.01.2017 |
| 114 എസ്.എസ്.എ. വിഹിതം(പൊതുവിഭാഗം) | 115596 | 723782/05.01.2017 |
| | 404396 | |

തൻവർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വിഹിതമായി ₹4,04,396/- എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ചിട്ടുണ്ട് എന്ന് മാത്രം രേഖപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രമാണ് എസ്.എസ്.എ. പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാക്കിയത്. ഇത് ഓഡിറ്റിന് തൃപ്തികരമല്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 3-9 ഇ.എം.എസ്. ഭവന പദ്ധതി

2010-11 കാലയളവിൽ ആരംഭിച്ച ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം 260 ഗുണഭോക്താക്കൾ കരാർ വച്ചതിൽ 246 ഗുണഭോക്താക്കൾ ഭവനപദ്ധതി പൂർത്തിയാക്കി ധനസഹായതുക കൈപ്പറ്റിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത 14 ഗുണഭോക്താക്കളുടെ വിശദാംശം താഴെ നൽകുന്നു.

| ക്രമ നം. | ഗുണഭോക്താവ് | സ്റ്റേജ് | അനുവദിച്ച തുക ₹ | നല്കിയ തുക ₹ |
|---|---|---|---|---|
| 1 | അമ്പിളി ഹരിദാസ്, തെക്കേടത്തുതാഴെ, കലയന്താനി പി.ഒ. | ലിന്റൽ ഭാഗം | 75000 | 67500 |
| 2 | മറിയക്കുട്ടി ജോസഫ്, തോട്ടത്തിൽ, കലയന്താനി പി.ഒ. | ലിന്റൽ ഭാഗം | 75000 | 52500 |
| 3 | റീന ഷാജു, വാളിയാങ്കൽ, പന്നിമറ്റം | ലിന്റൽ ഭാഗം | 75000 | 52500 |
| 4 | റെയ്ച്ചൽ ദേവസ്യ, ചെറുതോട്ടായിൽ, വെള്ളിയാമറ്റം | ലിന്റൽ ഭാഗം | 75000 | 67500 |
| 5 | പൊന്നപ്പൻ, സിന്ധു, ചാത്തൻകൊട്ടിൽ, കുവക്കണ്ടം പി.ഒ. | ലിന്റൽ ഭാഗം | 75000 | 67500 |
| 6 | ശശീന്ദ്രൻ, രാധാമണി, പനമ്പിള്ളിൽ, | മേൽക്കൂര | 75000 | 65000 |

| | | | | |
|---|---|---|---|---|
| | കുവക്കണ്ടം. പി.ഒ. | ഭാഗം | | |
| 7 | രാധാകുമാരൻ, താഴത്തുകുന്നേൽ ദേവരുപാറ പി.ഒ. | ലിന്റൽ ഭാഗം | 75000 | 52500 |
| 8 | വെള്ളാൻ കട്ടത്ത, ഇടക്കുന്നേൽ, നാളിയാനി | തറ ഭാഗം | 125000 | 37500 |
| 9 | ചെറിയ മാണിക്യൻ എട്ടിലംപാറയിൽ, കരിപ്പിലങ്ങാട് പി.ഒ. | ലിന്റൽ ഭാഗം | 125000 | 112500 |
| 10 | ഉഷ ഗോപാലൻ, കട്ടവാപ്പാറയിൽ, കുളമാവ് പി.ഒ. | തറ ഭാഗം | 125000 | 87500 |
| 11 | നാരായണൻ, ലക്ഷ്മി, പാടത്തിൽ, ദേവരുപാറ | അടിത്തറ ഭാഗം | 125000 | 37500 |
| 12 | രാധാമണി മഹേഷ്, കുളത്തിൽ, കുളമാവ് | ലിന്റൽ ഭാഗം | 125000 | 112500 |
| 13 | വിജയൻ, ഷീന വിജയൻ, മുത്തനാട്ട് | അടിത്തറ ഭാഗം | 125000 | 37500 |
| 14 | മിനി ഷിബു, മൂർത്തിയിൽ, ഇളംദേശം | ലിന്റൽ ഭാഗം | 100000 | 70000 |

1. മേൽക്കൂര പണി പൂർത്തിയായ ഗുണഭോക്താവിന് അവസാനഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. ഭവനനിർമ്മാണ ധനസഹായം കൈപ്പറ്റിയ ശേഷം വീട് പണി മന്ദഗതിയിലായവരുടെ വീടുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വീട് പണി തുടരുന്നില്ലായെങ്കിൽ അവരിൽ നിന്നും തദ്ദേശ സ്വയംഭരണ വകപ്പിന്റെ 19-04-2011ലെ സ.ഉ(കൈ)/1038/11 ഉത്തരവിലെ നിർദ്ദേശാനുസരണം 12% പലിശസഹിതം തുക ഈടാക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ തൻവർഷം 4/16 മാസം മുതൽ 3/17 വരെ പ്രതിമാസം ₹87,777/- നിരക്കിൽ ₹1,05,324/- കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുന്നുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | S0065/17<br>ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | ₹1,00,125/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് ₹100125/- | ബിൽ നം. 1/16-17/തീയതി. 27.12.2017 ₹1,00,125/- |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹1,00,125/- ആലപ്പുഴ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ₹1,00,125/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 184 ടാപ്പുകൾക്ക് 4/16 മുതൽ 3/17വരെ പ്രതിമാസം ₹80,500/- നിരക്കിൽ ₹9,66,000/- ഒടുക്കിയിട്ടുണ്ട്. 74 ടാപ്പുകളിൽ പ്രവർത്തിക്കുന്നവ എത്ര, പ്രവർത്തിക്കാത്തവ എത്ര തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.ആർ.ടി./2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നാളിതുവരെയും പാലിച്ചിട്ടില്ല. താമസംവിനാ സംയുക്തപരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

*******************

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. ആലക്കോട് & മൂലമറ്റം | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 38/23.03.2017 | 296800 | 0 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| കെ.എസ്.ഇ.ബി. ആലക്കോട് & മൂലമറ്റം | സ്ട്രീറ്റ് മെയിൻ വലിക്കൽ | 39/23.03.2017 | 1141465 | 0 | |
| കേരള വാട്ടർ അതോറിറ്റി | നെല്ലിക്കാമല പൈപ്പ് ലൈൻ എക്സ്റ്റൻഷനും ടാങ്ക് സ്ഥാപിക്കലും | 15/31.10.2016 | 275000 | 0 | |
| കേരള വാട്ടർ അതോറിറ്റി | കാഞ്ഞാർ നെല്ലിക്കമല പൈപ്പ് ലൈൻ എക്സ്റ്റൻഷനും പൊതുടാപ്പ് സ്ഥാപിക്കലും | 41/23.03.2017 | 40000 | 0 | |
| കേരള വാട്ടർ അതോറിറ്റി | കാഞ്ഞാർ കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 14/31.10.2016 | 35000 | 0 | |

| | | | | | |
|---|---|---|---|---|---|
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പൂമാല പി.എച്ച്.സി.-ക്ക് കുഴൽ കിണർ | 46/26.03.2017 | 43750 | 0 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19 | 1999-2000 | | അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി | |
| 1997-98 | 28 | 1999-2000 | | സാധന സാമഗ്രികളുടെ വില അധികം നൽകി | |
| 1998-99 | 3-24 | 2000-01 | | അനുവദനീയമല്ലാത്ത ഹിൽടാക്സ് അലവൻസ് നൽകിയത് | |

| | | | | | |
|---|---|---|---|---|---|
| 1999-2000 | 3-29 | 2001-02 | | മണൽവാരൽ അവകാശം ലേല തുകയിൽ ഇളവ് നൽകിയത് ക്രമവിരുദ്ധം | |
| 2004-05 | 3-7 | 2006-07 | | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2005-06 | 2-3 | 2009-10 | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് (വെള്ളിയാമറ്റം പഞ്ചായത്ത് വക കടമുറികൾ) | |
| 2006-07 | 3-8 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം (കെ.എസ്.ഇ.ബി.567425) | |
| | | 2013-14 | 5.1.5(8) | 2004-05ൽ ₹2,03,922/- ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമല്ല | |
| | | 2013-14 | 5.1.5(11) | 1. ഇറുക്കപാലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. കടുവാക്കയം കുടിവെള്ള പദ്ധതി ജലലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02ൽ പൂർത്തികരിച്ച കൈക്കമല പദ്ധതി പ്രവർത്തനരഹിതമാണ്<br>2. കുവക്കണ്ടം-അറുത്തടി പാലം | |

| | | | | | |
|---|---|---|---|---|---|
| | | | | കുടിവെള്ള പദ്ധതിയും ഓത്തുപാറ – ഊഞ്ഞാൽപടി പദ്ധതിയും പൂർത്തിയായിട്ടില്ല<br>3. മുത്തോട്-പതിക്കമല കുടിവെള്ള കിണർപൂർത്തിയായിട്ടില്ല | |
| | | 2013-14 | 5.1.5(2) | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | |
| | | 2013-14 | 5.1.5(13) | കുടിവെള്ള പദ്ധതികളുടെ ചുമതല കരാർ ചമച്ച് കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,29,81,723 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,83,37,848 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹43,34,589 |

**(ബി)** <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3.1 | ₹4,82,449/- | | ശ്രീ. സജി തോമസ്,<br>ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3.2 | ₹2,25,000/- | | ശ്രീ. സി.ഡി. രാജേഷ്, സീനിയർ ക്ലർക്ക്,<br>മെമ്പർ സെക്രട്ടറി, സി.ഡി.എസ് |
| 3.3 | ₹18,32,015/- | ₹35,000 | ശ്രീ. പി.കെ ഓമനക്കുട്ടൻ, സെക്രട്ടറി |
| | | ₹17,97,015 | ശ്രീ. സജി തോമസ്, സെക്രട്ടറി |
| 3.4 | ₹16,95,000/- | ₹15,95,000 | ശ്രീ. സജി തോമസ്, സെക്രട്ടറി |
| 3.4 | | ₹1,00,000 | ഡോ. എം. ജറീഷ്, വെറ്ററിനറി സർജൻ |
| | | ₹43,34,589 | |

**(സി)** <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-11 | ₹1,00,125/- | ഡോ. ചിത്ര, മെഡിക്കൽ ഓഫീസർ,<br>ഹോമിയോ |

**(ഡി)** <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

– ഇല്ല –

**(ഇ)** <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ. സജി തോമസ്,<br>സെക്രട്ടറി | സെക്രട്ടറി<br>കുടയത്തൂർ ഗ്രാമപഞ്ചായത്ത് | ചീമ്പാറയ്ക്കൽ<br>കാഞ്ഞാർ പി. ഒ. |

| | | |
|---|---|---|
| | | ഇടുക്കി ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.ഐ.7--550/03/07.10.2004 |
| 2001-02 | എൽ.എഫ്.ഐ.7-145/04/13.05.2004 |
| 2002-03 | എൽ.എഫ്.ഐ.7-406/04/17.08.2004 |
| 2003-04 | എൽ.എഫ്.ഐ.7-515/05/31.12.2007 |
| 2004-05 | എൽ.എഫ്.ഐ.8-226/07/13.03.2007 |
| 2005-06 | എൽ.എഫ്.ഐ.8-703/08/24.02.2009 |
| 2006-07 | എൽ.എഫ്.ഐ.8-792/09/15.03.2010 |
| 2007-08 | എൽ.എഫ്.ഐ.8-824/10/19.02.2010 |
| 2008-09 | എൽ.എഫ്.ഐ.10-411(എ)/19.10.2011 |
| 2009-10 | എൽ.എഫ്.ഐ.10-411(ബി) 25.10.2011 |
| 2010-11 | എൽ.എഫ്.ഐ.10-624/13/26.08.2013/ 16.12.2013 |
| 2011-12 | എൽ.എഫ്.ഐ.10-56/14/30.04.2014/ 10.06.2014 |
| 2012-13 | എൽ.എഫ്.ഐ.10-40/15/05.02.2015/ 09.04.2015 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ. 10/1257/ 2015/06.11.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.10/583/ 2016/01.06.2015 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.10/67/ 2017/18.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്./എ.ഐഡി.കെ-10/1075/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*
തീയതി. 02.08.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ർ

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളിയാമറ്റം

ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-10/1075/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*
തീയതി. 02.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of VELLIAMATTOM Grama Panchayat in Idukki District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of VELLIAMATTOM Grama Panchayat for the year 2016-17 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR
IDUKKI